"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ബാബുരാജനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1753/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/09/2020

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 06.03.2014-ലെ 22057/ഡിപി5/2013/സിആർഡി നമ്പർ കത്ത്

2 തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പിന്റെ ഇആർബി1/98/2014/തസ്വഭവ നമ്പർ കത്ത്

3 സർക്കാരിന്റെ 31.03.2017-ലെ 43/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

4 സർക്കാരിന്റെ 9.02.2019-ലെ ഇപിബി3/43/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. കെ. ബാബുരാജൻ സമർപ്പിച്ച 09.05.2019-ലെ പ്രതിവാദ പത്രിക

6 സ.ഉ.(സാധാ) നം.1416/2019/തസ്വഭവ തീയതി 08.07.2019

7 കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28.10.2019-ലെ എ6-5787/17 നമ്പർ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

2003-2004 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 4,67,715/- രൂപ സർക്കാർ ഫണ്ടിൽ നിന്നും ചെലവാക്കി 07.10.2005-ന് പണി പൂർത്തിയാക്കിയ ഒഞ്ചിയം മാർക്കറ്റ് ബിൽഡിംഗ് ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടും കെട്ടിട നമ്പർ അനുവദിക്കാത്തതിന്റെ പേരിൽ 1 0 വർഷമായി ഉപയോഗശൂന്യമായി കിടക്കുന്നതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ച് വിവരം റിപ്പോർട്ട് ചെയ്യുവാൻ പരാമർശം (2) പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ബാബുരാജനോട് ആവശ്യപ്പെട്ടിട്ടും സർക്കാർ നിർദ്ദേശം അവഗണിച്ച് നമ്പർ അനുവദിച്ചു നൽകാതെ അച്ചടക്ക ലംഘനം നടത്തിയെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാബുരാജനെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു എന്നാൽ ശ്രീ. ബാബുരാജൻ 31.03.2017-ന് സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 100/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബാബുരാജൻ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ സർക്കാരിന്റെ 17.10.2015-ലെ കത്തിന്മേൽ കൃത്യമായ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും 2003-04-ൽ നിർമ്മിച്ച ടി കെട്ടിടം 27.12.2006-ലാണ് പഞ്ചായത്തിന് കൈമാറിയതെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (ബി) ലംഘിച്ചുകൊണ്ടാണ് ടി കെട്ടിടം നിർമ്മിച്ചതെന്നും, കെട്ടിടത്തിന് നമ്പർ നൽകണമെന്നുള്ള പഞ്ചായത്ത് തീരുമാനത്തിനെതിരെ സെക്രട്ടറി സർക്കാരിനെ സമീപിച്ചിരുന്നുവെന്നും, തുടർന്ന് ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ കെട്ടിടത്തിന് അനധികൃത കെട്ടിട നമ്പർ നൽകുന്നതിന് നിർദ്ദേശിച്ചുവെന്നും ടി കെട്ടിടത്തിന് XV/UA 1A, 1B, 1C നമ്പറുകൾ 27.10.2010-ന് അനുവദിച്ചിരുന്നുവെന്നും ഇക്കാര്യം സർക്കാരിനെ അറിയിച്ചിരുന്നുവെന്നും ടി കെട്ടിടത്തിന് 2010ൽ തന്നെ UA നമ്പറുകൾ തന്റെ മുൻഗാമി അനുവദിച്ചിരുന്നുവെന്നും കെട്ടിടം ഉപയോഗിക്കാതിരുന്നതിനു താൻ ഉത്തരവാദിയല്ലെന്നും താൻ 16.09.2013-ലാണ് ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ

ജോലിയിൽ പ്രവേശിച്ചതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ഈ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (6) പ്രകാരം കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (7) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

എസ്.ജി.ആർ.വൈ. പദ്ധതിയിൻ കീഴിൽ വടകര ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച മാർക്കറ്റ് കെട്ടിട നിർമ്മാണം 07.10.2005-ൽ പൂർത്തിയാക്കുകയും, വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 19.07.2006-ലെ 110-4/06 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തുവെന്നും കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2006-ലെ 189/06, 23.01.2007 ലെ 07/07 നമ്പർ തീരുമാനങ്ങൾ സർക്കാരിലേക്ക് റഫർ ചെയ്യുകയും, സർ ക്കാരിന്റെ 03.02.2007-ലെ കത്ത് പ്രകാരം ടി തീരുമാനങ്ങൾ ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ സ്റ്റേ ചെയ്യുതായും, തുടർന്ന് സർക്കാരിന്റെ 14.03.2007-ലെ കത്ത് പ്രകാരം ടി കെട്ടിടത്തിന് അൺഓതറൈസ്ഡ് ബിൽഡിംഗ് നമ്പർ നൽകിയതിന് അപാകതയില്ലായെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 05.06.2014-ലെ കത്ത് പ്രകാരം നമ്പർ അനുവദിക്കുന്ന കാര്യം പരിശോധിക്കാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെന്നും ഇതിന്മേൽ പ്രസ്തുത മാർക്കറ്റ് കെട്ടിടം കെ.പി.ബി.ആർ റൂൾസിന് വിധേയമായല്ല നിർമ്മാണം നടത്തിയതെന്ന, തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയറുടെ 08.08.2014-ലെ റിപ്പോർട്ട് അടിസ്ഥാനമാക്കി പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് സെക്രട്ടറി അറിയിച്ചിരുന്നുവെന്നും തുടർന്ന് സർ ക്കാരിന്റെ 05.06.2014-ലെ കത്ത് പരാമർശിച്ചുകൊണ്ട് കെട്ടിടത്തിന് നമ്പറിട്ട് നൽകിയിട്ടുണ്ടോയെന്ന് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാരിന്റെ 14.07.2015-ലെ കത്ത് പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെന്നും ഇതിന് മറുപടിയായി ചട്ടലംഘനമുള്ളതുകൊണ്ട് ടി കെട്ടിടത്തിന് നമ്പർ അനുവദിക്കാൻ നിർവ്വാഹമില്ലായെന്ന് സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നുവെന്നും കെട്ടിടത്തിന് രണ്ടാഴ്ചക്കകം നമ്പർ അനുവദിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടിരുന്നുവെന്നും എന്നാൽ സർക്കാരിന്റെ ഈ കത്തിന് സെക്രട്ടറി മറുപടി നൽകാത്തതിനാൽ 07.01.2016-ന് സെക്രട്ടറിക്ക് വീണ്ടും കത്ത് നൽകിയിരുന്നുവെന്നും സർക്കാരിന്റെ ഈ രണ്ടു കത്തുകൾക്ക് മറുപടിയായി ടി കെട്ടിടത്തിന് പുതിയ വാർഡ് അടിസ്ഥാനത്തിൽ XV-UA-1 നമ്പർ നൽകിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഒഞ്ചിയം മാർക്കറ്റിലെ കെട്ടിട നിർമ്മാണത്തിലുണ്ടായ ചട്ടലംഘനം, മുൻപ് സേവനത്തിലുണ്ടായിരുന്ന സെക്രട്ടറിയും ശ്രീ. കെ. ബാബുരാജനും സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണെന്നും, എന്നിരുന്നാലും കെട്ടിട നമ്പർ അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയത് കൃത്യമായി സെക്രട്ടറി നടപ്പാക്കിയതായി കരുതാനാവില്ലെന്നും എന്നാൽ മനഃപൂർവം സർക്കാർ നിർദ്ദേശം അവഗണിച്ച പ്രവർത്തിയായി കരുതുന്നില്ലെന്നും കേരള പഞ്ചായത്ത് രാജ് ആക്ടിലെ പരാമർശങ്ങൾ പാലിക്കുക എന്ന ഉദ്ദേശ്യത്തിലാണ് അദ്ദേഹം പ്രവർത്തിച്ചതെന്ന് അനുമാനിക്കാവുന്നതാണെന്നും കെട്ടിടത്തിന് അൺഓതറൈസ്ഡ് നമ്പർ 2010-ൽത്തന്നെ

അനുവദിച്ചിട്ടുള്ളതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 2 3 5 എ.എ. ( 3 ) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് 235-ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിട നമ്പർ നല്കാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പ്രത്യേക നമ്പർ നൽകേണ്ടതുമാണെന്നും ഈ സെക്ഷൻ പ്രകാരം കെട്ടിടത്തിന് അൺഓതറൈസ്ഡ് നമ്പർ നൽകിയ നടപടി ന്യായീകരിക്കാവുന്നതാണെന്നും കെട്ടിടത്തിന് അൺഓതറൈസ്ഡ് നമ്പറാണ് നൽകിയിരിക്കുന്നത് എന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ.എ (5) പ്രകാരം കെട്ടിടം ഏതെങ്കിലും ആവശ്യത്തിലേക്കായി ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നല്കാൻ പാടില്ലാത്തതുമാണെന്നും, 2005-ൽ പൂർത്തീകരിച്ച കെട്ടിടത്തിന് ചട്ടലംഘനമുള്ളതിനാൽ അന്ന് നമ്പർ അനുവദിച്ചിരുന്നില്ലെന്നും പിന്നീട് 2010-ൽ അൺഓതറൈസ്ഡ് നമ്പറാണ് നല്കപ്പെട്ടിരുന്നതെന്നും ശ്രീ.ബാബുരാജൻ 16.09.2013 - ലാണ് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നതെന്നും ഈ സാഹചര്യത്തിൽ പഞ്ചായത്തിന് കൈമാറ്റം ചെയ്ത കാലം തൊട്ട് കെട്ടിടം ഉപയോഗപ്പെടുത്താതിരുന്നതിന് ശ്രീ. കെ. ബാബുരാജനെ പൂർണ്ണ ഉത്തരവാദിയായി കാണാൻ കഴിയില്ലെന്നും, കൂടാതെ ചട്ടം ലംഘിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടമാണ് പഞ്ചായത്തിന് കൈമാറിയിരുന്നതെന്നും ഇക്കാരണത്താൽത്തന്നെ കെട്ടിടത്തിന് നമ്പർ നൽകുന്നതിന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാധിച്ചിരുന്നില്ലെന്നും ടി അനധികൃത നിർമ്മാണത്തിന് ബ്ലോക്കിലെ ആ കാലത്തേ ബന്ധപെട്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തമുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. ബാബുരാജനെ നേരിൽ കേൾക്കുകയുണ്ടായി. വടകര ബ്ലോക്ക് പഞ്ചായത്ത് ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 4,67,715/- രൂപ ചെലവഴിച്ച 2003-2004 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 07.10.2005-ന് പണി പൂർത്തീകരിച്ച് 27.12.2006 ഒഞ്ചിയം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (ബി) ക്കും, കെ.പി.ബി.ആർ. റൂൾസ് 27-നും വിരുദ്ധമായാണ് നിർമിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിച്ചത് ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും നിർവഹണം നടത്തി ബിൽ നൽകിയത് അന്നത്തെ വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 (ബി), 235 (എഫ്) എന്നിവ പ്രകാരം കെട്ടിടം പണിയുന്ന സ്ഥാനങ്ങൾ നിർണ്ണയിക്കുന്നതിന് റോഡതിരിൽ നിന്നോ മറ്റൊരാളിന്റെ സ്ഥലത്തിന്റെ അതിരിൽ നിന്നോ ഉള്ള ദൂരം കാണിച്ച കൊണ്ടുള്ള സൈറ്റ് പ്ലാനോ മറ്റ നിർമ്മാണ രേഖകളോ പഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നില്ലെന്നും അതുകൊണ്ടുതന്നെ ചട്ടം ലംഘിച്ചിട്ടുള്ള നിർമ്മാണമാണ് നടത്തിയിട്ടുള്ളതെന്നും കെട്ടിടം ഉപയോഗിക്കാൻ കഴിയാത്തതിനും ഉത്തരവാദികൾ ഇവർതന്നെയാണെന്നും ചട്ടലംഘനം നടത്തിക്കൊണ്ടുള്ള നിർമ്മാണം അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തടഞ്ഞിട്ടുമില്ലെന്നും താൻ 16.09.2013-ന് മാത്രമാണ് ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചുമതലയേൽക്കുന്നതെന്നും സർക്കാർ നൽകിയ കത്ത് പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 സെക്ഷൻ 235 എഎ (3) പ്രകാരം കെട്ടിട നമ്പർ അനുവദിച്ചിരുന്നുവെന്നും പ്രസ്തുത കെട്ടിടത്തിന് ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെയും സർക്കാരിന്റെയും നിർദേശ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ (3) പ്രകാരം XV/UA-1A, 1B, IC, എന്നീ നമ്പറുകൾ 27.10.2010 ന് നൽകുകയും ചട്ടലംഘനങ്ങൾ നില നിൽക്കുന്നതിനാലാണ് കെട്ടിടത്തിന് ആതറൈസ്ഡ് കെട്ടിട നമ്പർ അനുവദിക്കാൻ കഴിയാതിരുന്നത് എന്നും ചട്ടലംഘനം നാളിതുവരെ ക്രമീകരിച്ച കിട്ടിയിട്ടില്ലെന്നും, നമ്പർ നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാർ നിർദേശം പാലിച്ച കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 235 എഎ (3) പ്രകാരം പുതിയ വാർഡ് അടിസ്ഥാനത്തിൽ കെട്ടിട നമ്പർ അനുവദിച്ച റിപ്പോർട്ട് ചെയ്തിരുന്നു എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി വിഷയത്തിൽ വിജിലൻസ് റിപ്പോർട്ടിൽ ക്രമനമ്പർ 4 പ്രകാരം കെട്ടിടം PWD റോഡിൽ നിന്നും 1.45 മീറ്റർ അകലം മാത്രം പാലിച്ചാണ് നിർമ്മിച്ചതെന്നും ക്രമനമ്പർ 5 പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220

(ബി) ലംഘിച്ച കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളതെന്നും കണ്ടെത്തിയിട്ടുണ്ടെന്നും ശ്രീ. ബാബുരാജൻ ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെയും നേരിൽ കേട്ട വേളയിൽ ശ്രീ. ബാബുരാജൻ ബോധിപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വടകര ബ്ലോക്ക് പഞ്ചായത്ത് ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 4,67,715/- രൂപ ചെലവഴിച്ച 2003-2004 വർഷത്തെ എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 07.10.2005-ന് പണി പൂർത്തീകരിച്ച് 27.12.2006-ൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള മാർക്കറ്റ് കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 220 (ബി) ക്കും, കെ.പി.ബി.ആർ റൂൾസ് 27 നും വിരുദ്ധമായി നിർമ്മിച്ചതിനാലാണ് പ്രസ്തുത കെട്ടിടത്തിന് ആതറൈസ്ഡ് നമ്പർ നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് സാധിക്കാതിരുന്നത്. ചട്ടലംഘനത്തോടെയുള്ള കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിച്ചത് ഗ്രാമവികസന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറും നിർവഹണം നടത്തി ബിൽ നൽകിയത് അന്നത്തെ വടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമാണ്. കെട്ടിട നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിരുന്നില്ല. ആയതിനാൽ ചട്ടലംഘനത്തോടെയുള്ള നിർമ്മാണത്തിന് പഞ്ചായത്ത് ഉത്തരവാദിയാകുന്നില്ല. സർക്കാർ നിർദ്ദേശമനുസരിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 2 3 5 എ.എ. ( 3 ) പ്രകാരം കെട്ടിട നമ്പർ അനുവദിച്ചിരുന്നുവെന്നും പ്രസ്തുത കെട്ടിടത്തിന് ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെയും സർക്കാരിന്റെയും നിർദ്ദേശ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ.എ (3) പ്രകാരം XV/UA -1 A, 1B, IC, എന്നീ നമ്പറുകൾ 27.10.2010-ന് നിയമമനുവദിക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്. ശ്രീ. ബാബുരാജൻ 16.09.2013-ലാണ് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുന്നത് എന്നും വെളിവാകുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് കൈമാറ്റം ചെയ്ത കാലം തൊട്ട് കെട്ടിടം ഉപയോഗപ്പെടുത്താതിരുന്നതിന് ശ്രീ. കെ. ബാബുരാജനെ പൂർണ്ണ ഉത്തരവാദിയായി കാണാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ബാബുരാജനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ. ബാബുരാജൻ, മുൻ സെക്രട്ടറി, ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/43/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUD[illegible]EER S S
Date: 2020.09.28 12[illegible].01 IST
Reason: Approved

സെക്ഷൻ ഓഫീസർ